# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 2975</u>** — **<u>15.02.2013-ൽ മറുപടി പറയേണ്ടിയിരുന്നത്</u>**

## <u>കാസർഗോഡ് മെഡിക്കൽ കോളേജ്</u>

| <u>ചോദ്യം</u><br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | <u>ഉത്തരം</u><br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മെഡിക്കൽ കോളേജ് കാസർഗോഡ് ജില്ലയിൽ എവിടെയാണ് തുടങ്ങുന്നത് ;<br><br>(ബി) ഈ കോളേജ് ഏത് മേഖലയിലാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; ഇത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി ; | (എ) & (ബി)<br>സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുതിയ മെഡിക്കൽ കോളേജ് കാസർഗോഡ് ജില്ലയിലെ ബദിയടുക്ക പഞ്ചായത്തിലെ ഉക്കിനടുക്കയിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത മെഡിക്കൽ കോളേജിനായുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ബന്ധപ്പെട്ട വകുപ്പുകളുമായി ഉന്നതല ചർച്ചകൾ നടന്നുവരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പദ്ധതി നടത്തിപ്പ് കിറ്റ്കോയെ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) ഇപ്പോൾ തെരഞ്ഞെടുത്ത സ്ഥലം ജില്ലയിലെ പൊതുജനങ്ങൾക്ക് അനായാസം എത്തിപ്പെടാൻ കഴിയാത്തതും നിരവധി മെഡിക്കൽ കോളേജുകൾ ഉള്ള കർണ്ണാടക സംസ്ഥാനത്തിന്റെ അതിർത്തി പ്രദേശത്തിനോടടുത്തുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ഇത്തരത്തിലൊരാക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) ജില്ലയിലെ എല്ലാവർക്കും എത്തിപ്പെടാൻ പറ്റുന്ന സ്ഥലം തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? | (ഡി) നിരവധി മാനദണ്ഡങ്ങൾ പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്ത് സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. |

സെക്ഷൻ ഓഫീസർ